ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആഗോള സമാധാനത്തിനും, സുസ്ഥിരതയ്ക്കും ജമൈക്കയുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വിവിധ മേഖലകളിലെ സഹകരണത്തിന് ഇന്ത്യയും ജമൈക്കയും ധാരണാപത്രങ്ങൾ കൈമാറി.

   **India will continue to work with Jamaica to ensure global peace and stability, says Prime Minister Narendra Modi. India and Jamaica exchanged Memoranda of Understanding in various fields.**

2. ജമ്മു-കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിലെ മൂന്നാം ഘട്ട വോട്ടെടുപ്പ് പൂർത്തിയായി. അഞ്ചു മണിവരെ 65.48 ശതമാനം പോളിംഗ്.

   **Third phase election of assembly polls in Jammu and Kashmir ends . 65.48 per cent voter turnout recorded till 5 PM.**

3. പ്രതിരോധ മേഖലയിൽ ഇന്ത്യ സ്വയം പര്യാപ്തത കൈവരിച്ചതായി രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. 30 ലക്ഷം പ്രതിരോധ പെൻഷൻകാരെ സ്പർഷ് പോർട്ടലുമായി ബന്ധിപ്പിച്ചെന്നും കേന്ദ്രമന്ത്രി.

   **Country has moved towards self-reliance in the defence sector; 30 lakh defence pensioners linked to SPARSH portal, says Defence Minister Rajnath Singh.**

4. നാറ്റോ സഖ്യത്തിൻ്റെ സെക്രട്ടറി ജനറലായി മുൻ നെതർലൻഡ്സ് പ്രധാനമന്ത്രി മാർക്ക് റുട്ടെ ചുമതലയേറ്റു.

   **Former Netherlands Prime Minister Mark Rutte today took over as the Secretary-General of the North Atlantic Treaty Organisation**

5. കോഴിക്കോട് -വയനാട് തുരങ്കപാതാ നിർമാണം വേഗത്തിൽ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Kozhikode- wayanad tunnel construction will begin soon; says Chief Minister Pinaryi Vijayan**

5. **ISL** ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് എഫ് സി- ചെന്നൈയിൻ എഫ് സി പോരാട്ടം. ബംഗ്ലാദേശിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ഏഴ് വിക്കറ്റ് ജയം.
**Hydrabad FC- Chennaiyin FC clash in ISL football today; and in Cricket, India defeated Bangladesh by seven wickets in the second Test match.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## JAMAICA - PM MODI

ആഗോള സമാധാനത്തിനും, സുസ്ഥിരതയ്ക്കുമായി ഇന്ത്യയും ജമൈക്കയും യോജിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജമൈക്കൻ പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം ഉഭയകക്ഷി ബന്ധത്തിനും കരീബിയൻ മേഖലയുമായുള്ള സഹകരണത്തിനും പുതിയ ഉണർവ് നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഡിജിറ്റൽ അടിസ്ഥാന സൗകര്യം, സാംസ്കാരിക വിനിമയം, കായികം, തുടങ്ങിയ മേഖലകളിലെ സഹകരണം സംബന്ധിച്ച ഇന്ത്യയും ജമൈക്കയും ധാരണാപത്രങ്ങൾ കൈമാറി.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജമൈക്കൻ പ്രധാനമന്ത്രി ഡോ. ആൻഡ്രൂ ഹോൾനെസും തമ്മിൽ ന്യൂഡൽഹിയിൽ നടന്ന പ്രതിനിധി തല ചർച്ചകൾക്ക് ശേഷമാണ് ധാരണാപത്രങ്ങൾ കൈമാറിയത്. ജമൈക്ക പ്രധാനമന്ത്രിയുടെ സന്ദർശനത്തിന് ഇന്ത്യ പ്രത്യേക പ്രാധാന്യം നൽകുന്നുണ്ടെന്ന് സംയുക്ത പത്രപ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. ജനങ്ങളുടെ നൈപുണ്യ വികസനത്തിനും ജമൈക്കയുമായി സഹകരിച്ച് പ്രവർത്തിക്കുമെന്നും ശ്രീ മോദി പറഞ്ഞു. (ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

## HEAD LINE – 3

## RAJNATH- DEFENCE ACCOUNTS

പ്രതിരോധ മേഖലയിൽ ഇന്ത്യ സ്വയം പര്യാപ്തത കൈവരിച്ചതായി രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ലോകത്തെ

പ്രതിരോധ കയറ്റുമതി രാജ്യങ്ങളുടെ പട്ടികയിൽ നമ്മുടെ രാജ്യത്തിന് സുപ്രധാന സ്ഥാനമാണുള്ളതെന്നും ശ്രീ സിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ ഡിഫൻസ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെൻ്റിൻ്റെ 277-ാം വാർഷിക ദിനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 32 ലക്ഷം പ്രതിരോധ പെൻഷൻകാരിൽ 30 ലക്ഷം പേർ സ്പർഷ് പോർട്ടലുമാ ബന്ധിപ്പിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## EVE RAJNATH SINGH-VAYU VEER VIJETA RALLY

ഇന്ത്യൻ വ്യോമസേനയുടെ 7,000 കിലോമീറ്റർ ദൈർഘ്യമുള്ള വായു വീർ വിജേത കാർ റാലിക്ക് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങിൻറെ നേതൃത്വത്തിൽ ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ യാത്രയയപ്പ് നൽകി. യുവാക്കളെ പ്രചോദിപ്പിക്കുന്നതിനൊപ്പം വ്യോമസേനയെക്കുറിച്ചുള്ള അവബോധം വളർത്തുകയുമാണ് റാലിയുടെ ലക്ഷ്യമെന്ന് ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു. വ്യോമസേനയുടെ 92-ാം വാർഷികത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന റാലി ഈ മാസം എട്ടിന് അരുണാചൽ പ്രദേശിലെ തവാങിലെത്തും.

&&&&&&&&&&&&&&&&&&

## HEAD LINE – 14

## NATO-CHIEF

നാറ്റോ സഖ്യത്തിൻറെ സെക്രട്ടറി ജനറലായി മുൻ നെതർലൻഡ്സ് പ്രധാനമന്ത്രി മാർക്ക് റുട്ടെ ചുമതലയേറ്റു. മുൻ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾട്ടൻബെർഗിൻറെ പിൻഗാമിയായാണ് നാറ്റോ തലപ്പത്തേക്ക് മാർക്ക് റുട്ടെ തെരഞ്ഞെടുക്കപ്പെട്ടത്. ഇന്തോ-പസഫിക് മേഖലയിലെ രാജ്യങ്ങളുമായുള്ള സഹകരണം ശക്തിപ്പെടുത്താൻ അദ്ദേഹം സഖ്യരാജ്യങ്ങളോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## JAPAN- NEW PM

ജപ്പാൻറെ പുതിയ പ്രധാനമന്ത്രിയായി ലിബറൽ ഡെമോക്രാറ്റിക് പാർട്ടി നേതാവ് ഷിഗുരു ഇഷിബ സ്ഥാനമേൽക്കും. പുതിയ

മന്ത്രിസഭയെ പിന്നീട് പ്രഖ്യാപിക്കും. നിലവിലെ പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദ ഇന്ന് രാജിസമർപ്പിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## J K - INTRO

ജമ്മു-കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിലെ മൂന്നാമത്തേയും അവസാനത്തേയും ഘട്ട വോട്ടെടുപ്പ് പൂർത്തിയായി.

അഞ്ചു മണിവരെ 65.48 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

**വിശദാംശങ്ങളിലേക്ക്.... (വോയ്സ്)**

## J K (VOICE)

ജമ്മു കശ്മീരിലെ, ഏഴു ജില്ലകളിലെ 40 നിയമസഭാ മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ് നടന്നത്. ജമ്മു ,കത്വ, സാംബ, ഉധംപൂർ, കുപ്വാര, ബാരമുള്ള, ബന്ദിപൂർ ജില്ലകളിലായിരുന്നു തിരഞ്ഞെടുപ്പ്. തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പ്രദേശത്ത് സുരക്ഷ ശക്തമാക്കിയിരുന്നു. രാവിലെ 7 മുതൽ വൈകുന്നേരം 6 മണി വരെയായിരുന്നു വോട്ടെടുപ്പ്. പോളിംഗ് ബൂത്തുകളിൽ വോട്ടർമാരുടെ നീണ്ട നിരയാണ് കാണപ്പെട്ടത്. 39 ലക്ഷത്തിലധികം പേരാണ് 5,060 പോളിംഗ് ബൂത്തുകളിലായി സമ്മതിദാന അവകാശം വിനിയോഗിച്ചത്. മൂന്ന് ഘട്ടങ്ങളായി നടന്ന തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ ഈ മാസം എട്ടിന് നടക്കും. ഒന്നാം ഘട്ടത്തിൽ 61 ശതമാനവും, രണ്ടാം ഘട്ടത്തിൽ 57 ശതമാനവും പോളിങ്ങ് രേഖപ്പെടുത്തിയിരുന്നു.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&&&&

## HARYANA - CAMPAIGNING

ഹരിയാന നിയമസഭ തിരഞ്ഞെടുപ്പിനായുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. 90 നിയമസഭ സീറ്റുകളിലേക്ക് ഈ മാസം 5 നാണ് വോട്ടെടുപ്പ്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ

പ്രമുഖ നേതാക്കൾ തിരഞ്ഞടുപ്പ് പ്രചാരണത്തിൽ സജീവമാണ്. ഫരീദാബാദിൽ ഇന്ന് നടന്ന തിരഞ്ഞെടുപ്പ് യോഗത്തിൽ, പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി പങ്കെടുത്തു. കഠിനാധ്വാനത്തിലും ലക്ഷ്യപ്രാപ്തിയിലും അധിഷ്ഠിതമാണ് ബി ജെ പി യുടെ പ്രവർത്തന രീതിയെന്ന് പ്രധാനമന്ത്രി പറഞ്ഞു. അംബാലയിൽ നടന്ന കോൺഗ്രസ് പ്രചാരണയോഗത്തിൽ മുതിർന്ന നേതാക്കളായ രാഹുൽ ഗാന്ധിയും പ്രിയങ്ക ഗാന്ധിയും ഇന്നലെ പങ്കെടുത്തിരുന്നു.

&&&&&&&&&&&&&&&&&&

## SWATCHBHARAT – PM

രാജ്യത്ത് സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ടുള്ള ബഹുജന പ്രസ്ഥാനങ്ങളിലൊന്നായ സ്വച്ഛ് ഭാരത് മിഷൻ ആരംഭിച്ചിട്ട് നാളെ ഗാന്ധി ജയന്തി ദിനത്തിൽ 10 വർഷം പൂർത്തിയാകും. ന്യൂഡൽഹിയിൽ നാളെ നടക്കുന്ന വാർഷികാഘോഷ പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി 9,600 കോടിയിലധികം രൂപയുടെ ശുചിത്വ പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## SWATCHTHA – GEORGE KURIEN

സ്വച്ഛതാ ഹി സേവ കാമ്പയിന്റെ ഭാഗമായി കേന്ദ്ര യുവജനകാര്യ മന്ത്രാലയത്തിനു കീഴിലുള്ള നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ നാളെ തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ ശുചീകരണ യജ്ഞം സംഘടിപ്പിക്കും. രാവിലെ 9 മണിക്ക് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

കേരളത്തിലെ 9 ജില്ലകളിലും തീരപ്രദേശങ്ങളിലും മാഹി, ലക്ഷ്ദ്വീപ് കടൽ തീരപ്രദേശങ്ങളിലും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

## MANUFACTURING EMPLOYMENT GROWTH

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്തെ ഉൽപ്പാദക വ്യവസായ മേഖലയിൽ കണക്കാക്കിയിരിക്കുന്ന തൊഴിലവസരങ്ങളിൽ 7.4 ശതമാനം വളർച്ച രേഖപ്പെടുത്തി.

സ്ഥിതി വിവര-പദ്ധതി നിർവഹണ മന്ത്രാലയത്തിൻ്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരമാണ് ഇത്. 1.72 കോടിയിൽനിന്ന് 2022-23ൽ തൊഴിലവസരങ്ങൾ 1.84 കോടിയായി ഉയർന്നു.

&&&&&&&&&&&&&&&&&&

## CPI-IW-AUGUST

2024 ഓഗസ്റ്റിലെ വ്യാവസായിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വില സൂചിക 0.1 പോയിന്റ് താഴ്ന്ന് 142.6 ൽ എത്തിയതായി കേന്ദ്ര തൊഴിൽ മന്ത്രാലയം. ഈ കാലയളവിലെ വാർഷിക പണപ്പെരുപ്പം 2.44 ശതമാനമായി കുറഞ്ഞതായും മന്ത്രാലയം

വ്യക്തമാക്കി. ഭക്ഷണ പാനീയങ്ങളുടെ ഉപഭോക്തൃ വില സൂചിക 149.7 ആയി കുറഞ്ഞു. അതേസമയം, ഇന്ധനം, വസ്ത്രം, പാദരക്ഷ തുടങ്ങിയവയുടെ വില സൂചികയിൽ വർധനവുണ്ടായി.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## CM - TUNNEL

കോഴിക്കോട് -വയനാട് തുരങ്കപാതാ നിർമാണം വേഗത്തിൽ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പദ്ധതി യാഥാർഥ്യമാകുന്നതോടെ താമരശേരി ചുരത്തിലൂടെയുള്ള യാത്രാക്ലേശം

കുറയുമെന്നും അദ്ദേഹം പറഞ്ഞു. ഫറോക്കിൽ പുതുതായി നിർമിച്ച പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി .

&&&&&&&&&&&&&&&&&&

## HEAD LINE – 6

## ISL

ISL ഫുട്ബോളിൽ ഹൈദരാബാദ് എഫ് സി-ചെന്നൈയിൻ എഫ് സി മത്സരം അല്പസമയത്തിനകം ആരംഭിക്കും.ഹൈദരാബാദിലെ ഗച്ചിബോളി സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## CRICKET

ബംഗ്ലാദേശിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ഏഴ് വിക്കറ്റിൻറെ വിജയം. ടെസ്റ്റിൻ്റെ പകുതിയിലേറെ ദിനങ്ങൾ മഴ അപഹരിച്ചതിന് ശേഷമാണ് ടീം ഇന്ത്യയുടെ അവിസ്മരണീയ ജയം. ആദ്യ ഇന്നിംഗ്സിൽ 34.4 ഓവറിൽ 285 റൺസ് നേടി ഇന്നിങ്സ് ഡിക്ലയർ ചെയ്ത ഇന്ത്യ, രണ്ടാം ഇന്നിംഗ്സിനിറിങ്ങിയ ബംഗ്ലാദേശിനെ ഇന്ന് 146 റൺസിന് പുറത്താക്കി. 95 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിങ്ങ്സിൽ ഇറങ്ങിയ ഇന്ത്യക്ക് വിജയം അനായാസമായിരുന്നു.

&&&&&&&&&&&&&&&&&&

## RAIN - KERALA

സംസ്ഥാനത്ത് വെള്ളിയാഴ്ച്ച വരെ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ് . തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, എറണാകുളം, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ് .

&&&&&&&&&&&&&&&&&&

## NAVAKERALAM-CM

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കൊല്ലം കൊട്ടാരക്കരയിൽ നിർവഹിക്കും. ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച് അന്താരാഷ്ട്ര ശൂന്യ മാലിന്യ ദിനമായ മാർച്ച് 30-ന് സമ്പൂർണ്ണ മാലിന്യ മുക്ത കേരളം സാധ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് പരിപാടി.

&&&&&&&&&&&&&&&&&&

## MUMBAI - ASHWINI VAISHNAW

റെയിൽവേ സംവിധാനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി മുംബൈയിലെ വാദി ബന്ദർ കോച്ചിംഗ് ഡിപ്പോയിൽ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പരിശോധന നടത്തി. യാത്രക്കാരുടെ സുരക്ഷ, ശുചിത്വം,

സേവന വിശ്വാസ്യത എന്നിവ വിലയിരുത്തി. സാങ്കേതിക പുരോഗതികളും ഭാവി വിപുലീകരണ പദ്ധതികളും അദ്ദേഹം അവലോകനം ചെയ്തു.

&&&&&&&&&&&&&&&&&&

**ARUNACHAL PRADESH – SITHARAMAN**

ക്ഷേമപദ്ധതികൾ സാധാരണക്കാർക്ക് പ്രയോജനപ്പെടുന്നുണ്ടോ എന്ന് അവലോകനം ചെയ്യാൻ ക്രെഡിറ്റ് ഔട്ട്റീച്ച് പരിപാടികൾ കേന്ദ്ര സർക്കാരിനെ പ്രാപ്തമാക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ. അരുണാചൽപ്രദേശിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അവർ. വിവിധ പദ്ധതികളുടെ 355 ഗുണഭോക്താക്കൾക്ക് 21.4 കോടി രൂപയുടെ അനുമതി പത്രങ്ങൾ കേന്ദ്രമന്ത്രി വിതരണം ചെയ്തു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&